VOL 1 ISSUE 7 | MAY 2018 apcconvoice@gmail.com | www.apccon.com Private Circulation Only

# APCCON VOICE

**FREE**
Circulation strictly for Christian Churches only

THE OFFICIAL NEWSLETTER OF ABU DHABI PENTECOSTAL CHURCHES CONGREGATION

*"And ye shall hallow the fiftieth year, and proclaim liberty throughout all the land unto all the inhabitants thereof: it shall be a Jubilee unto you". Leviticus 25:10*

## THE INDIAN PENTECOSTAL CHURCH OF GOD
## IPC ABU DHABI

## Golden Jubilee Thanks Giving Ceremony
(1968-2018)

*Join us*

**on 16th JUNE 2018 (SATURDAY)**
**@ ST. ANDREWS CHURCH - ABU DHABI**
**6 PM to 10 PM**

IPC ABU DHABI
50 Years 1968 - 2018
50 YEARS OF DIVINE GRACE

*50 years of Lord's Gracious leading*

## ഐ പി സി അബുദാബി 50 ന്റെ നിറവിൽ

ഒന്നാം നൂറ്റാണ്ടിൽ മർക്കോസിന്റെ മാളികമുറിയിൽ പകർന്ന പെന്തകോസ്തിന്റെ അഭിഷേകം ഏറ്റുവാങ്ങിയ സഭ കാലത്തിന്റെ പ്രയാണത്തിൽ പലപ്പോഴും മയക്കത്തിലേക്ക് വഴുതിയെങ്കിലും ഓരോരോ കാലഘട്ടങ്ങളിൽ ദൈവം തന്റെ ദാസന്മാരിലൂടെ നവീകരണത്തിന്റെയും ഉണർവിന്റെയും കാറ്റുകൾ അയച്ച് സഭയെ ഉണർത്തിക്കൊണ്ടിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അമേരിക്കയിലെ അസൂസാ സ്ട്രീറ്റിലും, ചാൾസ് പർഹാമിന്റെ ബൈബിൾ കോളേജിലും ആരംഭിച്ച പെന്തകോസ്തിന്റെ ഉണർവ് ഏഴ് കടലുകളും കടന്ന് മലങ്കരയുടെ മണ്ണിലും എത്തി.

കേരളക്കരയിൽ, പ്രത്യേകിച്ച് തിരുവിതാംകൂറിൽ വേർപാടിന്റെയും മാനസാന്തരത്തിന്റെയും ഉപദേശം ഏറ്റുവാങ്ങിയ നമ്മുടെ മാതാപിതാക്കൾ തിരസ്കാരങ്ങളും ഒറ്റപ്പെടുത്തലുകളും ഒരുപാട് അനുഭവിച്ചെങ്കിലും അറിഞ്ഞ സത്യം കൈവിടാതെ അത് തലമുറകളിലേക്ക് കൈമാറി. കേരളത്തിൽ നിന്നും ഭാരതത്തിന്റെ ഇതര സംസ്ഥാനങ്ങളിലേക്കും, ഭാരതത്തിന് പുറത്തേക്കും പെന്തകോസ്തിന്റെ ജ്വാല പടർന്നു, അത് അറേബ്യൻ മണ്ണിലും എത്തി.

1950 കളിൽ ആരംഭിച്ച ജോലി തേടിയുള്ള കുടിയേറ്റം നമ്മുടെ സഹോദരങ്ങളെ യു. എ. ഇ. യിലും, അബുദാബിയിലും എത്തിച്ചു. അത് ഒരു പുതിയ ചരിത്രത്തിന്റെ തുടക്കം ആയിരുന്നു.

**1968 മെയ് 5 ന്** അബുദാബിയിൽ ബ്രദർ കെ എം ശാമുവേലിന്റെ ഭവനത്തിൽ താനും, തന്റെ സഹധർമ്മിണി കുഞ്ഞൂഞ്ഞമ്മ ശാമുവേലും, ബ്രദർ തോമസ് വർഗ്ഗീസും (മൂലമണ്ണിൽ തങ്കച്ചായൻ) ഒരുമിച്ച് കൂടി ആരംഭിച്ച പ്രാർത്ഥനയാണ് **50 വർഷം പിന്നിട്ട ഐ പി സി അബുദാബി.**

പിന്നിട്ട വഴിത്താരകളിൽ സഭക്ക് നേതൃത്വം നൽകിയ ദൈവദാസന്മാരെയും, വിശ്വാസ സമൂഹത്തെയും ആദരവോടെ സ്മരിക്കുന്നു. ദീർഘ വർഷങ്ങൾ സഭാ ശുശ്രൂഷകനായിരുന്ന പാസ്റ്റർ എം സി ചാക്കോ (ചാക്കോച്ചായൻ) അബുദാബിയിലെ പെന്തകോസ്ത് സമൂഹത്തിന് മറക്കാനാവാത്ത വ്യക്തിത്വം ആണ്. അങ്ങനെ എത്രയെത്ര പേരുകൾ.

സുവർണ്ണ ജൂബിലി വർഷം വിനയാന്വീതരായി ഐ പി സി അബുദാബി പുനരർപ്പണം ചെയ്യുന്നു. കാന്തന്റെ വരവോളം വിശുദ്ധിക്കുവേണ്ടി, അനേകരെ രക്ഷയിങ്കലേക്ക് നടത്തുവാൻ, ക്രിസ്തുവിൽ തികഞ്ഞവരാക്കുവാൻ... മാറാനാഥാ.


*Chief Guest:*
**Dr. K. C. JOHN**
**Gen. Secretary - IPC**

*Jubilee Year Programmes:*

- Mission Oriented Programmes
- Conventions in North India
- Youth Programmes
- Ladies Fellowship Programmes
- and much more

*For more details:*

**Pr. Aju Jacob Abraham** - 050 246 1474 | **Pr. Samuel M. Thomas** - 055 642 3978
**Br. Varghese Jacob** (Secretary) - 050 668 2298 | **Br. Sam Zachariah Eapen** (Prog. Coordinator) - 050 521 1628
**www.ipcabudhabi.org**



# ക്രിസ്തുവിന്റെ മനോഭാവം ഉള്ളവരാകുക



**ജോൺസി കടമ്മനിട്ട**
**ചീഫ് എഡിറ്റർ**

അപ്കോൺ വോയ്സിന്റെ എല്ലാ മാന്യ വായനക്കാർക്കും സ്നേഹവന്ദനങ്ങൾ.

പൗലോസ് ഫിലിപ്പിയയിലെ വിശ്വാസികൾക്ക് ലേഖനം എഴുതുമ്പോൾ ഫിലിപ്പിയരോടും ഒപ്പം ക്രിസ്തുവിനെ അനുഗമിക്കുന്ന എല്ലാവരോടുമായി പ്രബോധിപ്പിക്കുകയാണ്, ''ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ'' (ഫിലി 2:5).

ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് ആ ഭാവം ഉണ്ടാകണം. ഭാവം എന്നുപറയുമ്പോൾ പെരുമാറ്റം, സ്വഭാവം, മനോഭാവം, രീതി എന്നൊക്കെ അർത്ഥമുണ്ട്. ക്രിസ്തുവിന്റെ ഭാവം 'same attitude of Christ'. ലളിതമായി ചിന്തിച്ചാൽ മറ്റുള്ളവരോട് ക്രിസ്തുവിനുള്ള ത്യാഗമനോഭാവം നമുക്ക് ഉണ്ടാകണം.

എല്ലാറ്റിനും ക്രിസ്തുവായിരിക്കണം നമുക്ക് മാതൃക. സ്വശിഷ്യന്മാർ തന്നെ ഒറ്റുകൊടുക്കുമെന്നും അവിശ്വസിക്കുമെന്നും തള്ളിപ്പറയുമെന്നും അറിഞ്ഞിട്ടും അവരെ അത്യന്തം ഉൾക്കൊണ്ട 'നല്ല നാഥൻ.'

പരസ്പരം സ്നേഹിക്കാൻ, ശത്രുക്കളെപ്പോലും സ്നേഹിക്കേണ്ടതിന് ജീവൻ തന്നു സ്നേഹിച്ച 'പ്രാണപ്രിയൻ.' നാം തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിക്കേണ്ടതിനു ശിഷ്യന്മാരുടെ കാൽകഴുകി മാതൃക കാട്ടിയ 'ശ്രേഷ്ഠ ഗുരു.' സ്വർഗ്ഗീയ സുഖങ്ങളെ വെടിഞ്ഞു ഭൂമിയിൽ വന്നു 'ദാസനായി ജീവിച്ച യജമാനൻ.'

ഞാൻ എന്ന ഭാവം മാറ്റി നമ്മിലെ ഗർവ്വ് ഉപേക്ഷിക്കുവാൻ നമുക്ക് സാധിക്കുമോ? മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യാൻ, മറ്റുള്ളവരെ ഉൾക്കൊള്ളുവാൻ നമുക്ക് കഴിയുമോ?

ക്രിസ്ത്യാനി എന്നു പറയുകയും ക്രിസ്തുവിന്റെ ഭാവം ഇല്ലാതിരിക്കുകയും ചെയ്താൽ നാം ക്രിസ്തുവിനെ ശരിയായി അറിഞ്ഞിട്ടില്ല എന്നർത്ഥം. പ്രിയ വായനക്കാരെ, ക്രിസ്തുവിന്റെ ഭാവം നമ്മിൽ ഉണ്ടാകട്ടെ. അതിനു ദൈവം ഓരോരുത്തരെയും പ്രാപ്തരാക്കട്ടെ.


## APCCON VOICE EDITORIAL BOARD

**Advisory Board:**
Pr. Benny P. John
Pr. Jacob Samuel
Br. Sam Zachariah Eapen

**Cheif Editor:**
Br. Johncy Kadammanitta

**Editors:**
Pr. M.J. Dominic
Br. Renu Alex

**Circulation Manager:**
Br. Sabu

**Area Coordinators:**
Br. Lenin
Br. M.J. Baiju
Br. Renju Moses
Br. Joyal
Br. Blesson G. Sam
Br. Vinod
Br. Samkutty Yohannan
Br. Antony
Br. Shinu John
Br. Justin

Design & Layout
vbabykylm@gmail.com


## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

അപ്കോൺ വോയ്സിൽ ലേഖനങ്ങളും മറ്റിതര പംക്തികളും എഴുതുന്നവർ A4 പേപ്പറിൽ ഒന്നരപ്പേജിൽ കവിയാതെ എഴുതി അയച്ചുതരിക. ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കു മാത്രമായിരിക്കും. നിങ്ങളുടെ ലേഖനങ്ങൾ എല്ലാ മാസവും 30-നു മുമ്പായി അയച്ചുതരേണ്ടതാണ്. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും പ്രാർത്ഥനാവിഷയങ്ങളും APCCON Whatsapp 058- 9239629- ലോ apcconvoice@gmail.com എന്ന mail Id യിലോ അയച്ചുതരാവുന്നതാണ്.

**എഡിറ്റോറിയൽ ബോർഡ്**
അപ്കോൺ വോയ്സ്

## അപ്കോൺ പ്രെയർ കോർഡിനേറ്റേഴ്സ്






*പാ.എം.ജെ. ഡൊമനിക്ക്  പാ.പി.എം.ശാമുവേൽ  പാ.വില്യം ജോസഫ്  പാ.ജോജി ജോൺസൺ*

## അപ്കോൺ പ്രാർത്ഥനാ സംഗമം

**അബുദാബി•** അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (അപ്കോൺ) നേതൃത്വത്തിൽ 2018 മെയ് 26 ശനിയാഴ്ച രാവിലെ 9 മുതൽ 3 മണി വരെ അബുദാബി ഇവാഞ്ചലിക്കൽ ചർച്ച് സെന്റർ മെയിൻ ഹാൾ-2 ൽ വച്ച് പ്രാർത്ഥനാ സംഗമം എന്ന പേരിൽ ഏകദിനപ്രാർത്ഥനാ മീറ്റിംഗ് നടക്കും. പാസ്റ്റർ ബി.മോനച്ചൻ കായംകുളം മുഖ്യ സന്ദേശം നൽകും. അപ്കോൺ അംഗത്വസഭകളിലെ ദൈവദാസന്മാർ ഈ മീറ്റിംഗിന് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക്: അപ്കോൺ പ്രെയർ കോർഡിനേറ്റേഴ്സ്: പാസ്റ്റർ എം.ജെ.ഡൊമനിക്ക് - 056 6637365, പാസ്റ്റർ പി.എം.ശാമുവേൽ-050 5419678, പാസ്റ്റർ വില്യം ജോസഫ്- 050 8560725, പാസ്റ്റർ ജോജി ജോൺസൺ - 050 3107651.

## അപ്കോൺ ക്വയർ ലീഡേഴ്സ്




*റോബിൻ ലാലച്ചൻ*
*ലീഡർ*

*കെ.പി. പ്രസാദ്*
*അസി. ക്വയർ ലീഡർ*

## അപ്കോൺ സംയുക്ത ആരാധന ജൂൺ 14-ന്



**അബുദാബി•** അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (അപ്കോൺ) 2018-19 വർഷത്തെ ഒന്നാമത് സംയുക്ത ആരാധന ജൂൺ 14-ന് വ്യാഴാഴ്ച വൈകിട്ട് 7.30 മുതൽ 10 വരെ മുസഫ ബ്രദറൻ ചർച്ച് സെന്റർ F1 ഹാളിൽ നടക്കും. പ്രസ്തുത മീറ്റിംഗിൽ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ ജനറൽ സെക്രട്ടറി പാ.ഡോ.കെ.സി.ജോൺ ദൈവവചനം പ്രസംഗിക്കും. ഈ മീറ്റിംഗിന്റെ അനുഗ്രഹകരമായ നടത്തിപ്പിനു വേണ്ടി അപ്കോൺ സെക്രട്ടറി സാം ഈപ്പന്റെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങൾ ഒരുക്കുന്നതായി അപ്കോൺ പ്രസിഡന്റ് പാസ്റ്റർ ബെന്നി പി.ജോൺ അറിയിച്ചു.




# ഇത് സഭയുടെ സമയം



**പാസ്റ്റർ ബെന്നി പി. ജോൺ**
അപ്കോൺ പ്രസിഡന്റ്

ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (അപ്കോൺ) പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിലുള്ള സന്തോഷം ആദ്യമായി പങ്കുവയ്ക്കുന്നു. അപ്കോൺ മുൻ പ്രസിഡന്റായിരുന്ന ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ പി.ജെ.ഏബ്രഹാമിനെയും ആദ്യകാല പ്രവർത്തകരെയും അവരുടെ നിസ്തുല്യമായ സേവനങ്ങളെയും അതിനായുള്ള സമർപ്പണത്തെയും ഇത്തരുണത്തിൽ ഞാൻ അനുസ്മരിക്കുന്നു.

ആധുനികതയും അധികാരങ്ങളും മനുഷ്യത്വത്തെ വേട്ടയാടുന്ന കാലഘട്ടത്തിലൂടെയാണ് ലോകത്തിന്റെ അവസാന നാളുകൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അന്ധകാരം ഹൃദയങ്ങളെ ഗ്രസിക്കുകയും അത് കുടുംബങ്ങളിലേക്കും ആത്മീയ, രാഷ്ട്രീയ മേഖലകളിലേക്കും പകരപ്പെട്ട് സമൂഹവും മലീമസമായിക്കൊണ്ടിരിക്കുന്നു. അക്രമങ്ങളും അനീതിയും സ്വാഗതം ചെയ്യപ്പെടുകയും സത്യവും നീതിയും പരിഹസിക്കപ്പെടുകയും ചെയ്യുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ സമയം മോശമെന്നും അതീവ അപകടകരമെന്നും ഒക്കെ വിലയിരുത്തുമ്പോൾ ഇത് ദൈവസഭയ്ക്ക് അവകാശപ്പെട്ട സമയമെന്ന തിരിച്ചറിവാണ് സഭയ്ക്കു വേണ്ടത്. അപ്പൊസ്തലനായ പൗലൊസ് റോമർക്ക് എഴുതിയ ലേഖനം 13:11-ൽ പറയുന്നു, ‘‘ഉറക്കത്തിൽ നിന്നും ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ. നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു.’’

സഭ ഉറക്കത്തിൽ നിന്നും ഉണരുവാൻ നാഴിക വന്നിരിക്കുന്നു. സഭ എന്നു പറയുമ്പോൾ അത് ഓരോ വ്യക്തിയാൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ടു തന്നെ വ്യക്തിപരമായി ഉണർന്നെഴുന്നേൽക്കേണ്ട സമയം അടുത്തിരിക്കുന്നു. സുവിശേഷീകരണം എന്ന ദൗത്യം ദൈവം സഭയ്ക്കു നൽകിയ ഏറ്റവും വലിയ ശുശ്രൂഷയാണ്. സഭയ്ക്കുള്ളിൽ വിശ്വാസികൾ ഈ ശുശ്രൂഷയ്ക്കു വേണ്ടി തയ്യാറാക്കപ്പെടണം. ആരാധനയും സ്തുതിയും സ്തോത്രങ്ങളുമെല്ലാം ആത്മീയവർദ്ധനവും ആനന്ദവും പകരുമ്പോൾ അതിന്റെ അനന്തരഫലം സുവിശേഷീകരണമാകണം. എങ്കിൽ മാത്രമേ ഒരു വ്യക്തിയുടെ ആരാധനകൊണ്ട് ലോകത്തിൽ എന്തു സംഭവിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ അതേ സാദ്ധ്യമാകൂ. ദൈവം ഓരോ വ്യക്തിയെയും തന്റെ ഗൃഹവിചാരകന്മാരായി തിരഞ്ഞെടുത്തിരിക്കുന്നു. ദൈവം കൂടെയുണ്ടായിട്ടും, നിർഭാഗ്യവശാൽ മനുഷ്യൻ സ്വന്ത ഗൃഹവിചാരങ്ങളിൽ പെട്ട് ഉഴന്ന് ദൈവീക പദ്ധതികളെ തിരിച്ചറിയാൻ കഴിയാതെ വലയുന്ന കാഴ്ച സഭയ്ക്കുള്ളിൽ വ്യക്തമാണ്.

ഗൃഹവിചാരകൻ എന്നു പറയുമ്പോൾ അധികാരത്തിനല്ല, ഉത്തരവാദിത്തങ്ങൾക്കാണ് പ്രഥമസ്ഥാനം നൽകേണ്ടത്. അധികാരം കർത്താവിന്റെ കൈകളിലും ഉത്തരവാദിത്വം നമ്മുടെ കൈകളിലുമാണ് നിക്ഷിപ്തമായിരിക്കേണ്ടത്. ദൈവം ഏല്പിച്ച കാര്യങ്ങൾ ഉത്തരവാദിത്വത്തോടെ നിവർത്തിക്കുക, വീതിച്ചുകൊടുക്കുക, നടപ്പിലാക്കുക എന്നിവയാണ് ഗൃഹവിചാരകനായിരിക്കുന്ന ഒരു വ്യക്തിയുടെ നിലപാട്. ഇവിടെ നിഷ്പക്ഷതയല്ല, മറിച്ച് സത്യസന്ധതയ്ക്കാണ് സ്ഥാനം നൽകേണ്ടത്. ദൈവം നമുക്കു നൽകിയ സമയം, സമ്പത്ത് തുടങ്ങിയവയ്ക്ക് ഒരിക്കൽ നാം കണക്കുകൊടുക്കേണ്ടിവരും. അതുകൊണ്ടു തന്നെ നമ്മുടെ കരങ്ങളിൽ ഏല്പിക്കപ്പെട്ടതിന്റെ ഉത്തരവാദിത്വം നമുക്കുള്ളതാണ്. നാം അറിഞ്ഞ സത്യത്തിലേക്ക് ഒരു വ്യക്തിയെക്കൂടി കൂട്ടിക്കൊണ്ടുവരുന്നതിനാണ് നമ്മുടെ കൈവശമുള്ള വിഭവങ്ങൾ ദൈവം നമുക്കു നൽകിയിരിക്കുന്നത്. അതിന്റെ കൃത്യതയാർന്ന ഉപയോഗം ദൈവരാജ്യത്തിന്റെ കെട്ടുപണിയുടെ പടികളാണ്.

നാം ആയിരിക്കുന്ന മേഖലകളിൽ ശക്തമായി ഉപയോഗിക്കത്തക്കവിധമാണ് ദൈവം നമുക്കു കഴിവുകളെയും താലന്തുകളെയും നൽകിയിരിക്കുന്നത്. അതു തിരിച്ചറിയാതെ പോകുന്നതിന്റെ കാരണം സുവിശേഷീകരണം ഒരു ദൗത്യമായി തോന്നാത്ത മനസ്സിന്റെ ദുരവസ്ഥയാണ്. സുവിശേഷീകരണം എന്റെ ദൗത്യമാണ് എന്ന തിരിച്ചറിവാണ് സ്വന്തജീവിതത്തിലേക്കും കഴിവുകളിലേക്കും തിരിഞ്ഞുനോക്കുവാൻ ഒരു വ്യക്തിയെ പ്രേരിപ്പിക്കുന്നത്. ഏതു കാര്യങ്ങൾക്കു വേണ്ടി മനസ്സ് തയ്യാറാകുന്നുവോ അതിന് അനുസരിച്ചായിരിക്കും നമ്മുടെ ചിന്തകളും പ്രവർത്തനങ്ങളും നമ്മുടെ ശരീരഭാഷ പോലും പ്രകടമാകുന്നത്. സുവിശേഷീകരണം സഭയുടെ ലക്ഷ്യമാകുമ്പോൾ വിശ്വാസികളുടെ ജീവിതത്തിലും എല്ലാ ഇടപാടുകളിലും അത് പ്രകടമാകും. സുവിശേഷീകരണം എന്ന ദർശനം നഷ്ടപ്പെട്ടതാണ് സഭകളുടെയും പ്രസ്ഥാനങ്ങളുടെയും ഇന്നത്തെ പ്രശ്നം. വേദപുസ്തകം നൽകിയിരുന്ന നിർവചനത്തെ മറികടന്ന് വ്യക്തികളുടെ ഇച്ഛയ്ക്കും താല്പര്യങ്ങൾക്കും അനുയോജ്യമായ വിധത്തിൽ സഭ എന്ന വാക്കിനു തന്നെ വർണ്ണഭേദങ്ങൾ വരുത്തി തെറ്റായ ഉപദേശങ്ങളുടെ കലവറകളായും മനുഷ്യമനസ്സിന്റെ താളംതെറ്റിക്കുന്ന വേദികളായും വിടുതൽ മാത്രം പ്രഖ്യാപിക്കപ്പെടുന്ന കച്ചവടസ്ഥാപനങ്ങളുമായൊക്കെ സഭ എന്നത് ഇന്ന് മനുഷ്യമനസ്സുകളിൽ ഇടംപിടിച്ചു കഴിഞ്ഞു. സുവിശേഷീകരണമായിരുന്നു ആദിമസഭയുടെ ലക്ഷ്യമെങ്കിൽ ഇന്ന് ആ ദർശനം വിശ്വാസികളിലേക്കു പകർന്നുകൊടുക്കാൻ ശുശ്രൂഷകരിൽ പലർക്കും കഴിയാത്തതും സഭ തെറ്റായ ദിശയിൽ നയിക്കപ്പെടുന്നതിന് കാരണമാകുന്നു.

സമാധാനവും സന്തോഷവും ലോകത്തിനു നഷ്ടമാകുമ്പോൾ, നിത്യമരണത്തിലേക്കുള്ള വഴികൾ ലോകം മനുഷ്യനു കാട്ടിക്കൊടുക്കുമ്പോൾ യഥാർത്ഥ പാതയും നിത്യജീവന്റെ അധികാരവും അവകാശവും കൈവശം വെച്ചിരിക്കുന്ന ലോകത്തിലെ ഏക സ്ഥാപനമാണ് സഭ. അതുകൊണ്ട് സഭയുടെ ഉത്തരവാദിത്വങ്ങൾ വളരെയാണ്. ഇത് സഭയുടെ സമയമാണ്. ഇപ്പോൾ സഭ ഉറങ്ങിയാൽ അഥവാ അലസമായാൽ സംഭവിക്കുന്നത് വലിയ നഷ്ടമാണ്. പരസ്പര ഐക്യവും സ്നേഹവും കരുതലുമാണ് സമാധാന സുവിശേഷം ലോകത്തിനു നൽകുവാൻ ഏല്പിക്കപ്പെട്ട സഭയുടെ മുഖമുദ്രയാകേണ്ടത്.

ദൈവവചനത്താലും കൃപകളാലും ശുശ്രൂഷകന്മാരാലും സമ്പത്തിനാലും എല്ലാം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു സഭ. എന്നാൽ സഭ ഇന്നു തിരിച്ചറിയേണ്ട സുപ്രധാന വസ്തുത, സമയത്തെയാണ്. നാം വിശ്വസിച്ചതിലും രക്ഷ അടുത്തിരിക്കുന്നു എന്ന് പൗലൊസ് അപ്പൊസ്തലൻ പറയുമ്പോൾ, ഉറക്കത്തിൽ നിന്നും ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നതാണ് അർത്ഥമാക്കുന്നത്.

അതുകൊണ്ടു തന്നെ നമ്മുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ഉത്തരവാദിത്വത്തോടെ ദൈവകൃപയിൽ ആശ്രയിച്ചു മുന്നേറാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. വലിയ ദൗത്യമാണ് കർത്താവ് നമ്മെ ഏല്പിച്ചിരിക്കുന്നത്. ദൗത്യത്തിന്റെ പൂർത്തീകരണം ഉത്തരവാദിത്വത്തിൽ അധിഷ്ഠിതമാണ്. അപ്കോണിന്റെ പ്രസിഡന്റ് എന്ന നിലയിൽ അതു കാത്തു സൂക്ഷിക്കുമെന്ന് ഞാൻ ഉറപ്പുതരുന്നു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെയും എല്ലാ ദൈവദാസന്മാരുടെയും ദൈവമക്കളുടെയും പരിപൂർണ്ണമായ പിന്തുണയോടെ നമുക്ക് ഒരുമിച്ച് മുന്നേറാം. ഉണരുവാൻ നാഴിക വന്നിരിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**ഐ.പി.സി. സീയോൻ സഭ**
**അബുദാബി, മുസഫ**

അബുദബിയിലോ
മുസഫയിലോ ജോലിക്കോ
മറ്റ് ആവശ്യങ്ങൾക്കോ വരുന്നവർക്ക്, ആത്മീയ ആരാധനയിലേക്ക് സ്വാഗതം.
വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**OUR REGULAR SERVICE**

Sunday WORSHIP
8 pm to 10 pm BCC G-3

Thursday Meeting
8 pm to 10 pm,

Friday FASTING PRAYER
12 pm to 2.30 pm BCC G-3

*For more information:*
Pr. P.M. Samuel (Sam Koodal) 050 5419678/ 056 2244464
Br. Moncy Varghese (Sec.) 050 8358063/ Br. Jenson Mathew (Trea) 050 8087880

# നമുക്കാവശ്യം ഭദ്രമായ കുടുംബബന്ധങ്ങൾ

**പ്രശസ്ത കൗൺസെലറും ബൈബിൾ കോളേജ് അദ്ധ്യാപികയും പവ്വർ വിഷൻ ചാനലിലെ ലേഡീസ് ഒൺലി എന്ന പ്രോഗ്രാമിന്റെ മെന്ററുമായ സിസ്റ്റ. ഗിരിജ സാമുമായി അപ്കോൺ വോയ്സ് നടത്തിയ അഭിമുഖത്തിൽ നിന്നും...**

? *എന്താണ് കൗൺസെലിംഗ്?*

• കൗൺസെലിംഗ് എന്നതിനെപ്പറ്റി പല ആളുകൾക്കും തെറ്റിദ്ധാരണയാണുള്ളത്. ഇത് ഒരു ട്രീറ്റ്മെന്റ് അല്ല. ഇതിന് ഒരു മെഡിസിനും ഇല്ല. യഥാർത്ഥത്തിൽ കൗൺസെലിംഗ് എന്നത് ഒരു Helping process ആണ്. യാഥാർത്ഥ്യത്തിലേക്കു (reality) നയിക്കുന്ന ഒരു പ്രോസസ്സ്. ആളുകൾക്ക് അവരുടെ തെറ്റു മനസ്സിലാക്കി കൊടുക്കുക, തെറ്റു തിരുത്തുവാനുള്ള വഴിപറഞ്ഞു കൊടുക്കുക എന്നതാണ്. ഇത് മാനസിക പ്രശ്നമുള്ളവർക്കുള്ളതല്ല. അതിനു സൈക്യാട്രി വിദഗ്ധരെയാണ് കാണേണ്ടത്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും motivation, relaxation എന്നിവ നൽകുന്നതിനുമാണ് കൗൺസെലർ ശ്രമിക്കുന്നത്.

? *ജീവിതപങ്കാളിയെ എപ്രകാരം നമുക്കു തിരഞ്ഞെടുക്കാം?*

• ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനു മുമ്പ് നാം ആദ്യം സ്വയം അറിയണം. അതു കഴിഞ്ഞു വേണം പങ്കാളിയെ അറിയാൻ. വിവാഹത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി കുറഞ്ഞത് നാലുകാര്യത്തിലെങ്കിലും പക്വത (maturity) കൈവരിച്ചിരിക്കണം. അവ, Physical, Emotional, Psychological, Financial എന്നിവയാണ്. അതിലും ഉപരിയായി ദൈവമക്കൾക്ക് ആത്മീയ പക്വത (Spiritual Maturity) ഉണ്ടായിരിക്കേണം. വിവാഹത്തിനു മുമ്പ് pre-marital കൗൺസെലിംഗ് നടത്തണം. ഇങ്ങനെ Mature ആയവർ വേണം ജീവിത പങ്കാളിയാവാൻ.

? *ഇന്നത്തെ കാലത്ത്* Living together *എന്നൊരു പ്രവണത കാണുന്നു. അത് ശരിയോ, തെറ്റോ?*

• വിവാഹം അഥവാ Wedding എന്നു പറഞ്ഞാൽ ലോക്ക് അഴിക്കുക എന്നതാണ്. വിവാഹത്തിലൂടെ മാത്രമേ ഒരു പുരുഷന് സ്ത്രീയെയും സ്ത്രീയ്ക്കു പുരുഷനെയും അറിയാൻ സാധിക്കൂ. അതിനു മുമ്പുള്ളതെല്ലാം Abuse ആണ്. പാപമാണ്. വചനം പറയുന്നു, കാമുകിയായവൾ ജീവിച്ചിരിക്കുമ്പോൾ തന്നെ ചത്തവൾ. ദൈവവചനം ലിവിംഗ് ടുഗതറിന് എതിരാണ്. അതിനു അനുവാദം തരുന്നില്ല. ഉദാഹരണത്തിന് നല്ല ഒരു ആപ്പിൾ തോട്ടം. നിറച്ച് കായ്കൾ ഉണ്ട്. നിങ്ങൾ അതിലെ വിശന്നു വരികയാണ്. എന്നാൽ ഈ തോട്ടം മതിലുകൾ കെട്ടി നല്ല ഗെയ്റ്റ് വച്ച് ലോക്കു ചെയ്തിരിക്കുകയാണ്. ഈ ലോക്ക്



*സിസ്റ്റർ ഗിരിജ സാം*

ഉള്ളിടത്തോളം കാലം നമുക്ക് അകത്തു കടക്കാൻ അനുവാദമില്ല. അതുപോലെയാണ് വിവാഹത്തിനു മുമ്പുള്ള എല്ലാ സെക്ഷൽ ബന്ധങ്ങളും അനുവദനീയമില്ലാത്തതാണ്. അതു പാപമാണ്.

? *എന്തുകൊണ്ടാണ് പല കുട്ടികളും ഒളിച്ചോടുകയും അരുതാത്ത ബന്ധങ്ങളിൽ പെടുകയും ചെയ്യുന്നത്?*

• അതിന്റെ പ്രധാന ഉത്തരവാദികൾ മാതാപിതാക്കളാണ്. കുഞ്ഞുങ്ങൾ ആയിരിക്കുമ്പോൾ തന്നെ അവരെ നല്ല രീതിയിൽ വളർത്തണം. ശരിയേത്, തെറ്റേത് എന്ന് അവരെ മനസ്സിലാക്കി കൊടുക്കണം. അങ്ങനെയുള്ള കുഞ്ഞുങ്ങൾ പെട്ടെന്ന് തെറ്റിലേക്കു പോകാൻ സാദ്ധ്യത കുറവാണ്. അത് അറിയാത്ത കുട്ടികളാണ് ഒളിച്ചോടുന്നതും മറ്റ് അനാവശ്യ ബന്ധങ്ങളിൽ ചെന്നെത്തുകയും ചെയ്യുന്നത്.

? *കുടുംബജീവിതത്തിലെ പ്രശ്നങ്ങളെ എങ്ങനെ തരണം ചെയ്യാം?*

• പ്രശ്നങ്ങൾ ഇല്ലാത്ത ഒരു കുടുംബവും ഇല്ല. എന്നാൽ അതിനെ തരണം ചെയ്യുന്നതിലാണ് കാര്യം. പരസ്പരം വിട്ടുകൊടുക്കാൻ മനസ്സില്ലാത്തിടത്ത് എപ്പോഴും പ്രശ്നങ്ങൾ ഉണ്ടാകും. നൂറു ശതമാനം പെർഫെക്ട് (perfect) ആയിട്ടുള്ള ഒരു ഭർത്താവിനെയോ ഭാര്യയെയോ കിട്ടുകയില്ല. അപ്പോൾ നമ്മുടെ കുറവുകൾ, പരിമിതികൾ നമ്മൾ മനസ്സിലാക്കുക, സ്വയം അറിയുക. കൂടെ പങ്കാളിയെയും മനസ്സിലാക്കുക. പ്രശ്നങ്ങൾ ഉണ്ടായാൽ തമ്മിൽ ക്ഷമിക്കുക, പറഞ്ഞു തീർക്കുക. കുടുംബജീവിതം എന്നു പറഞ്ഞാൽ മരണം വരെ ഒന്നിച്ചു നിൽക്കേണ്ടതാണ്.

? *വിവാഹ മോചനം* (Divorce) *വർദ്ധിച്ചുവരുവാനുള്ള കാരണമെന്താണ്?*

• വിവാഹ മോചനം ദൈവം വെറുക്കുന്നു. എന്നാൽ ഇന്ന് സമൂഹത്തിൽ സംഭവിക്കുന്നത് നേരെ മറിച്ചാണ്. കാരണം ശരിയായ Direction-ൽ അല്ല പങ്കാളിയെ തിരഞ്ഞെടുക്കുന്നത്. സ്വാർത്ഥ താല്പര്യങ്ങൾക്കും സാമ്പത്തിക നന്മകൾക്കും സൗന്ദര്യത്തിനും മറ്റുമാണ് പ്രാധാന്യം കൊടുക്കുന്നത്. തത്ഫലമായി യാഥാർത്ഥ്യം അവർക്കു ഉൾക്കൊള്ളുവാൻ കഴിയാതെ വരും. മറ്റൊരു കാരണം, ആധുനിക യുഗത്തിൽ സ്വാതന്ത്ര്യം കൂടുതലാണ്. മറ്റുള്ളവരുമായി താരതമ്യം ചെയ്തുള്ള ജീവിതമാണ് പലരും നയിക്കുന്നത്. അധികകാലം ഒന്നിനോടും താല്പര്യമില്ലാത്ത അവസ്ഥ. ഒരു രോഗം വരുമ്പോഴോ, കുടുംബത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ വരുമ്പോഴോ ധീരതയോടെ അതിനെ നേരിടാതെ വിവാഹമോചനത്തിനു ശ്രമിക്കുന്നു. പലതും ജീവിതത്തിൽ നഷ്ടമായി കഴിയുമ്പോഴാണ് അതിന്റെ വില പിന്നീട് മനസ്സിലാകുന്നത്. പരസ്പരം കരുതുവാൻ (care) കഴിയുന്നില്ലെങ്കിൽ വിവാഹം കഴിക്കരുത്. എന്റെ അഭിപ്രായത്തിൽ വിവാഹമോചനം ചെയ്തവരെ ദൈവമക്കൾ ഒരു കാരണവശാലും പുനർ വിവാഹം കഴിക്കുവാൻ പാടില്ല.

? *കുടുംബജീവിതത്തിൽ ഭാര്യയും ഭർത്താവും ജോലി ചെയ്യുന്നതിനെക്കുറിച്ചുള്ള അഭിപ്രായമെന്താണ്.*


• ഇന്നത്തെ സാഹചര്യത്തിൽ ഭാര്യയും ഭർത്താവും ജോലി ചെയ്യുന്നത് ഏറ്റവും നല്ലത്. എപ്പോഴും കുടുംബത്തിന്റെ നാഥൻ ഭർത്താവ് ആയിരിക്കണം. Professionalism അല്ല കുടുംബജീവിതത്തിൽ കാണിക്കേണ്ടത് പകരം യാഥാർത്ഥ്യത്തിൽ (reality) ജീവിക്കണം. കച്ചവട മനോഭാവത്തോടും മത്സരബുദ്ധിയോടും കാണരുത്. ദൈവവചനാടിസ്ഥാനത്തിൽ ഭർത്താവാണ് തല. സ്ത്രീകൾ അവർക്കു കീഴ്പെട്ടു ജീവിക്കണം.

? *അപ്കോൺ വോയ്സ് വായനക്കാരോടുള്ള സന്ദേശമെന്താണ്?*

• മാതാപിതാക്കളെ, നിങ്ങളുടെ കുഞ്ഞുങ്ങളെ സാമൂഹിക പ്രതിബദ്ധതയുള്ളവരായി വളർത്തണം. പരസ്പരം സ്നേഹിക്കാനും സഹായിക്കാനും പഠിപ്പിക്കേണം. പ്രത്യേകിച്ച് എനിക്ക് വളരെ സങ്കടം ഉണ്ടാക്കുന്ന ഒരു കാര്യമാണ് പെന്തെക്കോസ്തിലേക്ക് മറ്റു വിശ്വാസങ്ങളിൽ നിന്നും ഒറ്റയ്ക്ക് വിശ്വാസത്തിലേക്കു വന്ന അനേകം യുവതീയുവാക്കളുടെ ഇപ്പോഴത്തെ അവസ്ഥ. വിശ്വാസത്തിൽ വന്നു എന്ന ഒറ്റ കാരണത്താൽ വിവാഹം നടക്കാതെ പോകുന്നു. സമൂഹത്തിൽ, സഭയിൽ ഈ പ്രവണത മാറണം. അവരെയും ഉൾക്കൊള്ളുവാൻ സഭയും നേതൃത്വവും തയ്യാറാകണം. അപ്കോൺ വോയ്സിന്റെ ഓരോ വായനക്കാരിലും അതിനുള്ള പ്രകാശനം ലഭിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

***ഏപ്രിൽ 10 ന് നടന്ന മീറ്റിംഗിൽ നിന്നും...***







ഷൈജു തോമസ് ഞാറയ്ക്കൽ





# നിത്യതയ്ക്കായി ഒരുങ്ങുക

ബി.സി. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് ചിത്രകാരനായിരുന്നു അപ്പെല്ലസ്. അസാധാരണ പ്രതിഭാശാലിയായിരുന്ന അദ്ദേഹം തന്റെ ചിത്രങ്ങൾക്ക് പൂർണത കൈവരുത്തുന്നതിൽ എപ്പോഴും ശ്രദ്ധാലുവായിരുന്നു. തന്മൂലം അദ്ദേഹം തന്റെ പല പെയിന്റിംഗുകളും വീണ്ടും വീണ്ടും ടച്ചു ചെയ്യുക പതിവായിരുന്നു. ഒരിക്കൽ അദ്ദേഹം തന്റെ ഒരു ചിത്രത്തിന്റെ മിനുക്കുപണികൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരാൾ അദ്ദേഹത്തോടു ചോദിച്ചു: ''എന്തുകൊണ്ടാണ് താങ്കൾ വീണ്ടും വീണ്ടും താങ്കളുടെ ചിത്രങ്ങൾക്ക് മിനുക്കുപണികൾ ചെയ്യുന്നത്?'' അദ്ദേഹം പറഞ്ഞു: ''കാരണം, ഞാൻ ചിത്രം വരയ്ക്കുന്നതു നിത്യതയിലേക്കുവേണ്ടിയാണ്.'' തന്റെ അതുല്യസൃഷ്ടികൾ നിത്യകാലംവരെ നിലനിൽക്കണമെന്ന മോഹമുള്ള കലാകാരനായിരുന്നു അപ്പെല്ലസ്.അതുപോലെ തന്റെ കലാസൃഷ്ടികൾക്ക് എക്കാലവും അംഗീകാരം ലഭിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. തന്മൂലമാണ് വളരെ ശ്രദ്ധാപൂർവ്വം ചിത്രങ്ങൾ വരയ്ക്കുവാൻ അദ്ദേഹം തയാറായത്. നിത്യതവരെ നീണ്ടുനിൽക്കുന്ന ജീവിതം ആഗ്രഹിക്കുന്നവരാണ് നാമെല്ലാവരും. അതുപോലെ, നമ്മുടെ നിത്യകാല ജീവിതം ഏറ്റവും സന്തോഷപൂർണമായിരിക്കണമെന്നും നാം ആഗ്രഹിക്കുന്നു. എന്നാൽ, അതിനായി നാം ഇപ്പോൾ എന്തു ചെയ്യുന്നു എന്നതാണ് പ്രധാനപ്പെട്ട കാര്യം.

നിത്യസൗഭാഗ്യത്തിലേക്ക് കണ്ണും നട്ടിരിക്കുന്ന നമ്മൾ ആ സൗഭാഗ്യം ഉറപ്പുവരുത്തുവാനായി ഇപ്പോൾ എന്തുചെയ്യുന്നു എന്ന് ആലോചിക്കുന്നത് നല്ലതാണ്. നമ്മുടെ അനുദിന ജീവിതം സന്തോഷപൂർണവും സൗഭാഗ്യപൂർണവുമാക്കുവാൻ നാം എന്തെല്ലാം കാര്യങ്ങൾ ചെയ്യാറുണ്ട്! ഈ ലോകജീവിതം സുരക്ഷിതവും സുഭദ്രമാക്കുവാനും നാം എന്തു കഷ്ടപ്പാടുകൾ സഹിക്കുവാനും തയാറാണ്. എത്രയോ ആളുകൾ വീടും നാടുംവിട്ട് അന്യനാടുകളിൽ പോയി അവിടത്തെ ഭാഷ പഠിച്ചു കഷ്ടപ്പെട്ടു ജോലിചെയ്തു ജീവിക്കുന്നു. അഭിനന്ദനാർഹമായ കാര്യമാണിത്.

ജീവിതം സംബന്ധിച്ച് ഓരോ മനുഷ്യനും നൂറുകണക്കിന് ചിന്തകളാണ്. എന്ത് തിന്നും ഏതു ധരിക്കും എവിടെ പോകും ഇങ്ങനെ പലതും. എന്നാൽ നിത്യത എന്നത് ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകം എന്ന ലളിതമായ രണ്ട് തിരഞ്ഞെടുപ്പുകൾ ആണ്. നമ്മുടെ ഈ ലോകത്തിലെ ബന്ധങ്ങളെല്ലാം താത്കാലികമാണ്. നിത്യതയിൽ പരിധിയില്ലാത്ത അളവിൽ നമുക്ക് പരസ്പരം സന്തോഷിക്കുവാൻ കഴിയും. അല്പകാലം മാത്രം നീണ്ടുനിൽക്കുന്ന ഈ ലോകജീവിതം സുരക്ഷിതമാക്കുവാൻ വേണ്ടി നാം എന്തുക്ലേശവും സഹിക്കുവാൻ തയാറാകുമ്പോൾ നിത്യസൗഭാഗ്യം ഉറപ്പുവരുത്തുവാൻവേണ്ടി നമ്മിൽ പലരും എത്രയോ കുറച്ചു മാത്രം താത്പര്യം പ്രകടിപ്പിക്കുന്നു! നിത്യതയെക്കുറിച്ചു സംസാരിക്കുന്നതുതന്നെ പലർക്കും അനിഷ്ടകരമാണ്. അനശ്വരമായ ജീവിതത്തെ അവഗണിക്കുകയും നശ്വരമായ ജീവിതത്തെ മാത്രം ശ്രദ്ധിക്കുകയും ചെയ്യുന്നവരെക്കുറിച്ചു എന്തുപറയണം? സാധാരണ രീതിയിൽ അവർ ബുദ്ധിമാന്മാരാണെങ്കിലും അവരുടെ ബുദ്ധിമാഹാത്മ്യത്തെ നമുക്കു വിലമതിക്കാനാവുമോ?. പൗലോസിന്റെ വാക്കുകളിൽ യേശുക്രിസ്തുവിന്റെ കാര്യമല്ല സ്വന്തകാര്യമത്രേ എല്ലാവരും നോക്കുന്നത് എന്നു പറയുന്ന വിചാരധാരയുടെ പിമ്പിൽ യേശുക്രിസ്തുവിലൂടെ മാനവജാതിക്ക് ലഭ്യമാകുന്ന നിത്യജീവനെക്കാൾ ഈ ലോകത്തിൽ സ്വന്തകാര്യം മാത്രം നോക്കി ലോകത്തെ സ്നേഹിക്കുന്നവരുടെ ഓർമ്മ മറഞ്ഞു നില്ക്കുന്നു. ആദിമ സഭയ്ക്കുണ്ടായിരുന്ന ആത്മീക ചൈതന്യം ആധുനീക സഭയ്ക്കില്ല എന്ന സത്യം നാം തിരിച്ചറിയണം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ നവചൈതന്യം ഉൾക്കൊണ്ട്, ക്രിസ്തുവിന്റെ ജീവിതവും സന്ദേശവും നിറഞ്ഞതായിരുന്നു ആദിമ സഭ. എന്നാൽ ഇന്ന് ക്രിസ്തുവിൽ നിന്നും വളരെ ദൂരെയായി ക്രിസ്തുവിന്റെ ആത്മാവും, സ്വഭാവവും, പ്രമാണങ്ങളും, ജീവിതരീതിയുമായി യാതൊരു പൊരുത്തവുമില്ലാതെ പത്രോസിനെപ്പോലെ ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന് തള്ളിപ്പറയുകയാണ് നാം ചെയ്യുന്നത്. ക്രിസ്തീയ ജീവിതം അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒന്നായിരിക്കണം. അങ്ങ

CONTD...Page.8

# സണ്ടേസ്കൂളിന്റെ ആവശ്യകത



ഷിനു ജോൺ

ക്രിസ്തീയ സമൂഹത്തിൽ സണ്ടേസ്കൂളിനു വളരെ പ്രാധാന്യം കൽപ്പിക്കുന്നവർ കഴിഞ്ഞ കാലഘട്ടത്തിലുണ്ടായിരുന്നു. കഴിഞ്ഞുപോയ തലമുറയിൽ കുട്ടികളെ ദൈവവചനം പഠിപ്പിച്ച് അവരെ സ്ഥിരതയുള്ള ക്രിസ്തീയഭടനാക്കുവാൻ മാതാപിതാക്കളും സഭാതലങ്ങളും പ്രത്യേകം താൽപ്പര്യം കാണിച്ചിരുന്നു. എന്നാൽ മാറിവരുന്ന ജീവിത സാഹചര്യങ്ങളിൽ സണ്ടേസ്കൂളിൽ പോകുന്നതിനേക്കാൾ ഉപരി മറ്റു വിഷയങ്ങളിൽ ശ്രദ്ധ കൊടുക്കുവാനാണ് മാതാപിതാക്കൾ ഉത്സാഹം കാണിക്കുന്നത്.

**സണ്ടേസ്കൂളിനുള്ള അഞ്ചു പ്രാധാന്യങ്ങൾ**

**1. സത്യദൈവത്തെപ്പറ്റി അറിയുവാൻ കുട്ടികളെ പ്രാപ്തരാക്കുക**

കുട്ടികൾ ദൈവവചനം കഥകളിലൂടെയും ഉപമകളിലൂടെയും സണ്ടേസ്കൂൾ വഴി പഠിക്കുന്നു. ദൈവം ആരാണെന്നും ദൈവത്തിന് എന്തു ചെയ്യുവാൻ കഴിയും, എപ്പോഴാണ് ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നത് എന്നൊക്കെ കുട്ടികൾക്കു മനസ്സിലാക്കാൻ സണ്ടേസ്കൂൾ പഠനം മുഖേന ഇടയാകുന്നു.

**2. കുട്ടികളെ ആത്മീയമായി വളരുവാൻ സഹായിക്കുന്നു**

നമ്മുടെ കുഞ്ഞുങ്ങളെ ക്രിസ്തീയ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്താൻ സണ്ടേസ്കൂൾ പ്രധാന പങ്കുവഹിക്കുന്നു. അനുദിന ജീവിതത്തിൽ പ്രാർത്ഥനയിലൂടെ ദൈവത്തെ കൂടുതൽ അറിയുവാനും ദൈവത്തോട് അടുത്തു നിൽക്കാനും സണ്ടേസ്കൂൾ സുപ്രധാന പങ്കുവഹിക്കുന്നു. കുട്ടികൾ വഴിതെറ്റിപ്പോകാതെ ദൈവകൃപയിൽ നിൽക്കുവാൻ സഹായിക്കുന്നു.

**3. ജീവിതത്തിൽ ദൈവവിളി കേൾക്കുന്നതിനായി കാത്തിരിക്കുവാൻ പഠിപ്പിക്കുന്നു.**

ദൈവത്തോടു ചേർന്നു നിന്ന് ദൈവവിളി കേൾക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുകയും ദൈവയിഷ്ടം പ്രാവർത്തികമാക്കുവാനും ദൈവസ്നേഹത്തിൽ എന്നും നിലനിൽക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. നമ്മുടെ കുഞ്ഞുങ്ങൾ ഏതു സാഹചര്യത്തിലും പ്രാർത്ഥനാ ജീവിതം ഉള്ളവരായി വളരാൻ സണ്ടേസ്കൂൾ സഹായിക്കുന്നു.

**4. ജീവിതത്തിൽ എന്നും ദൈവസ്നേഹം നിലനിർത്തുന്നു.**

മറ്റുള്ളവരോടുള്ള ഇടപാടുകളിലും മറ്റും ദൈവസ്നേഹം കുട്ടികളിൽ കാണുവാൻ സാധിക്കുന്നു. ദൈവസ്നേഹം മറ്റുള്ളവരെ സഹായിക്കുവാൻ മനസ്സുള്ളവരാക്കി തീർക്കുന്നു. മറ്റുള്ളവരുടെ ദുഃഖങ്ങളിൽ പങ്കു ചേരുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**5. ദൈവീക അനുഗ്രഹം പ്രാപിക്കുവാൻ യോഗ്യരാക്കുക**

പ്രാർത്ഥനയിലൂടെ ദൈവകൃപകളും അനുഗ്രഹങ്ങളും പ്രാപിക്കുവാൻ യോഗ്യതയുള്ളവരായി അവരെ വാർത്തെടുക്കുവാൻ സണ്ടേസ്കൂൾ സഹായിക്കുന്നു. എപ്പോഴും ദൈവത്തോടു നന്ദിയുള്ളവരായി ക്രിസ്തീയ സ്നേഹത്തിൽ വളരുവാനും അവരെ സഹായിക്കുന്നു.

എന്നിരുന്നാലും സണ്ടേസ്കൂൾ എന്നത് നമ്മുടെ കുഞ്ഞുങ്ങളുടെ ക്രിസ്തീയ പഠനത്തിന്റെ ഒരു അവസാന ഭാഗമല്ല. നമ്മുടെ കുഞ്ഞുങ്ങളുടെ ആത്മീയജീവിതത്തിലെ തുടക്കവും അടിസ്ഥാനവും മാത്രമാണ്.

ഏതു കാലഘട്ടത്തിലെയും സഭകൾക്ക് തങ്ങളുടെ കുഞ്ഞുങ്ങൾക്കു നൽകുവാൻ പറ്റിയ ഏറ്റവും നല്ല സമ്മാനമാണ് സണ്ടേസ്കൂൾ എന്നത്.


THINK Travel NAJM
UAE VISA CHANGE
NO WORRY AT ALL...!
Abudhabi
1200/- AED 30 days
1800/- AED 90 days
A to A
(Airport to Airport)
Dubai
1200/- AED 30 days
1450/- AED 90 days
Sharjah
1200/- AED 30 days
1700/- AED 90 days
NO HIDDEN CHARGES IN AIRPORT
UAE's Innovative Tourism Service Provider
Mr. Ginu Mathew
0555 252 251 | 056 25 25 221
+971 6 521 21 20 | +971 6 521 36 76
ginu@najmtours.com | ginuektr@gmail.com
www.najmtours.com
P.O Box:96727 Near Mubarak center Sharjah | UAE
NAJM TOURS

## റോബിൻ ഫിലിപ്പ് അപ്കോൺ വോയിസ് അൽ–അയ്ൻ കോർഡിനേറ്റർ



**അബുദാബി•** അപ്കോൺ വോയ്സിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി ബ്രദ. റോബിൻ ഫിലിപ്പിനെ അൽ–അയ്ൻ കോർഡിനേറ്ററായി നിയമിച്ചു. അൽ–അയ്ൻ ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ്. കൊട്ടാരക്കര സെന്ററിൽ ഉൾപ്പെട്ട നടുത്തേരി ഐ.പി.സി. ശുശ്രൂഷകനായിരുന്ന കർത്താവിൽ നിദ്രപ്രാപിച്ച പാസ്റ്റർ എൽ. ഫിലിപ്പിന്റെ മകനാണ്. അബുദാബി ബെഥേൽ എ.ജി. CA സെക്രട്ടറിയായും അൽ–അയ്ൻ ചർച്ച് ഓഫ് ഗോഡ് വൈ.പി.ഇ. സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുള്ള റോബിൻ നല്ലൊരു സംഘാടകനാണ്.

## പഠനോപകരണങ്ങൾ വിതരണം ചെയ്തു

**അബുദാബി•** അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (അപ്കോൺ) നേതൃത്വത്തിൽ ഇന്ത്യയിലെ യു.പി. സ്റ്റേറ്റിലെ മധുര, നോയിഡ, ഇന്ദിരാപുരി, കനകാ വില്ലേജ് തുടങ്ങിയ സ്ഥലങ്ങളിൽ വിവിധ സഭകളിൽ അംഗങ്ങളായുള്ള 359 കുഞ്ഞുങ്ങൾക്കായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. അപ്കോണിനെ പ്രതിനിധീകരിച്ച് ബ്രദ. മാത്യുസ് നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥനയും കാത്തിരിപ്പു യോഗവും

**അബുദാബി•** കർമ്മേൽ ഐ.പി.സി. അബുദാബിയുടെ ആഭിമുഖ്യത്തിൽ മെയ് 31 മുതൽ ജൂൺ 8 വരെ മുസഫ ബ്രദറൻ ചർച്ച് സെന്ററിൽ വെച്ച് ഉപവാസപ്രാർത്ഥനയും കാത്തിരിപ്പു യോഗവും നടക്കും. അഭിഷിക്ത ദൈവദാസന്മാർ ശുശ്രൂഷിക്കുന്ന ഈ മീറ്റിംഗിലേക്ക് ഏവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ജോജി ജോൺസൺ 050 3107651, ഇവാ. ജെസ്വിൻ എം. തോമസ് 055 6995909, ബ്രദ. റെനു അലക്സ് (സെക്രട്ടറി) 055 5431241

## ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും

**അബുദാബി•** ഐ.പി.സി. ഗിൽഗാൽ സഭയുടെ ആഭിമുഖ്യത്തിൽ മെയ് 19 മുതൽ ജൂൺ 8-ാം തീയതി വരെ 21 ദിവസത്തെ ഉപവാസപ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും നടക്കും. ഈ മീറ്റിംഗിൽ അനുഗ്രഹീതരായ കർത്തൃദാസന്മാർ തിരുവചനത്തിൽ നിന്നും ശുശ്രൂഷിക്കും. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ എം.ജെ.ഡൊമനിക്ക് 056- 6637365

## ഉപവാസ പ്രാർത്ഥന മെയ് 21–ന് സമാപിക്കും

**മുസഫ•** ഐ.പി.സി. സയോൺ മുസഫ നടത്തിവരുന്ന 21 ദിവസത്തെ ഉപവാസ പ്രാർത്ഥന മെയ് 21-ന് സമാപിക്കും. തുടർന്നു നടക്കുന്ന ദിവസങ്ങളിലെ മീറ്റിംഗുകളിൽ അനുഗ്രഹീത ദൈവദാസന്മാർ തിരുവചനത്തിൽ നിന്നും ശുശ്രൂഷിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ പി.എം.ശാമുവേൽ 050 5419678






**058- 9239629**
**APCCON WHATSAPP NO.**

MAIL US:
apcconvoice@gmail.com

- അപ്കോൺ വോയ്സ് Digital version (PDF) ആവശ്യമുള്ളവർ APCCON Whatsapp നമ്പറിൽ ബന്ധപ്പെടുക.
- നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളും APCCON Whatsapp Number -ൽ അയക്കാവുന്നതാണ്.

## അബുദാബി മിസ്പ ചർച്ച് ഓഫ് ഗോഡ് ശുശ്രുഷകൻ പാസ്റ്റർ ജെൻസൺ ജോസഫിന്റെ പിതാവ് കർത്തൃ സന്നിധിയിൽ



**അബുദാബി •** അപ്കോൺ അംഗത്വ സഭയായ മിസ്പാ ചർച്ച് ഓഫ് ഗോഡ് മുസ്സഫയുടെ ശുശ്രൂഷകൻ പാസ്റ്റർ ജെൻസൺ ജോസഫിന്റെ പിതാവ് ഇടയ്ക്കാട്, പോരുവഴി തടത്തിവിള ജോളി ഭവനത്തിൽ തോമസ് ജോസഫ് (71) ഏപ്രിൽ 16 ന് രാത്രിയിൽ താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ ഇടയ്ക്കാട് ദൈവസഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 21-ന് ദൈവസഭയുടെ സെമിത്തേരിയിൽ നടന്നു. പാസ്റ്റർമാരായ സജി, സജു ജോൺ, ഷാജി. എം പോൾ, റവ.റ്റി ജോർജ് എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

മക്കൾ: ജോളി രാജു, ജെസ്സി അനു, ജയനി കെന്നഡി, പാസ്റ്റർ ജെൻസൺ ജോസഫ് ( മിസ്പാ ചർച് ഓഫ് ഗോഡ് അബുദാബി) മരുമക്കൾ: രാജു(ബ്രൈറ്റ് ഫർണീച്ചർ, അഞ്ചൽ),അനു മാത്യു, രുഷാൽ കെന്നഡി, ഷൈമ ജെൻസൺ. കൊച്ചുമക്കൾ: നോയൽ, നേവിൻ, അലീന, ആരോൺ, ജാസ്മിൻ, ജെസ്റ്റീന, ആബേൽ, ആദിൽ.

ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവർക്ക് അപ്കോൺ വോയ്സിന്റെയും അപ്കോൺ അംഗത്വ സഭകളുടെയും ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

## അന്നമ്മ മാത്യു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു



**കുമ്പനാട് •** അബുദാബി പെനിയേൽ ഫുൾ ഗോസ്പൽ ചർച്ച് മുൻ അംഗമായിരുന്ന കുമ്പനാട് കാലായിൽ കെ.എം.മാത്യുവിന്റെ ഭാര്യ അന്നമ്മ മാത്യു (സൂസമ്മ-66) മെയ് 6-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ വെള്ളിയാഴ്ച കുമ്പനാട് ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടന്നു. ദുഃഖത്തിലായിരിക്കുന്ന കുടുംബത്തെ പ്രാർത്ഥനയിൽ ഓർക്കുക. പ്രിയപ്പെട്ടവരെ അപ്കോൺ വോയ്സിന്റെ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

## വിദ്യാഭ്യാസ സഹായവിതരണം

**അബുദാബി •** കർമ്മേൽ ഐ.പി.സി.യുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ളതുപോലെ നാട്ടിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം ചെയ്യുന്നു. മെയ് 30 ന് തിരുവല്ലയിൽ നടക്കുന്ന പ്രത്യേക സമ്മേളനത്തിൽ വിതരണം നിർവഹിക്കും. ഇതിനാവശ്യമായ ക്രമീകരണങ്ങൾ നടക്കുന്നതായി സഭാ എക്സിക്യൂട്ടീവ് അറിയിച്ചു.




# അപ്കോൺ വോയ്സ്

അബുദാബി പെന്റെക്കോസ്റ്റൽ ചർച്ചസ് കോൺഗ്രിഗേഷന്റെ ഔദ്യോഗിക വാർത്താ പത്രിക

വാല്യം 1 ലക്കം 7
മെയ് 2018

അതിവേഗം 25,000 വായനക്കാരിലേക്ക്




## നിത്യതയ്ക്കായി....

നെയല്ലായെങ്കിൽ നമ്മുടെ ആത്മീക മനുഷ്യൻ വളർച്ച പ്രാപിക്കുന്നില്ലായെങ്കിൽ ക്രിസ്തുവുമായി നമുക്ക് ബന്ധമില്ലാ എന്നു തന്നെയാണ്. ഒരു സ്നേഹിതനെപ്പോലെ സഖിത്വം പാലിക്കുന്ന തരത്തിലുള്ള ബന്ധമായിരിക്കണം നമുക്ക് ഉണ്ടാവേണ്ടത്.

ഒരിക്കലൊരു യുവപണ്ഡിതൻ സർവ്വസംഗ പരിത്യാഗിയായ ഒരു യതിവര്യനോട് ആധ്യാത്മിക കാര്യങ്ങൾ സംസാരിക്കാനിടയായി.സംഭാഷണത്തിനിടയിൽ യുവപണ്ഡിതൻ സന്യാസിയോടു ചോദിച്ചു. ‘‘അങ്ങു വിചാരിക്കുന്നതുപോലെ സ്വർഗവും നരകവുമൊന്നും ഇല്ലെന്നു കരുതുക. അപ്പോൾ അങ്ങയുടെ സ്ഥിതി എന്തായിരിക്കുമെന്ന് ഊഹിക്കാമോ?’’ അപ്പോൾ സന്യാസി ചെറുപ്പക്കാരനോടു പറഞ്ഞു. ‘‘നിങ്ങൾ പറഞ്ഞതുപോലെ സ്വർഗവും നരകവുമൊന്നും ഇല്ലെങ്കിൽ എന്റെ സ്ഥിതി ദയനീയം തന്നെ എന്നു തോന്നിയേക്കാം. എന്നാൽ സ്വർഗവും നരകവും നിത്യതയുമൊക്കെ ഉണ്ടെന്നു കരുതുക. അപ്പോൾ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും?’’ കർത്താവ് പറഞ്ഞു, ‘ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം.’ നാം കണ്ണടച്ചതുകൊണ്ടുമാത്രം പ്രകാശം അപ്രത്യക്ഷമാകില്ല, ഇരുട്ട് നമുക്ക് മാത്രമേ ഉണ്ടാവുകയുള്ളു. അതുപോലെ നിത്യതയില്ലെന്നു ആരെങ്കിലുമൊക്കെ പറഞ്ഞതുകൊണ്ടുമാത്രം നിത്യത ഇല്ലാതാകുന്നില്ല. അത് ദൈവം സകല മാനവർക്കുംവേണ്ടി ഒരുക്കിയിരിക്കുന്നതാണ്. ഒന്നുകിൽ പിശാചിനോടു കൂടെ നിത്യനരകം അല്ലെങ്കിൽ യേശുക്രിസ്തുവിനോടു കൂടെ നിത്യ സ്വർഗ്ഗം. റോബർട്ട് ഹാൾ എന്ന ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നതുപോലെ, എല്ലാം ചലിക്കുന്നതു നിത്യതയിലേക്കാണ്. ആ നിത്യതയിൽ ഒന്നു ചേരുമ്പോൾ മാത്രമേ നമ്മുടെ ജീവിതവും സ്ഥായിയായിത്തീരുകയുള്ളു.

**തുടക്കവും ഒടുക്കവുമില്ലാത്തതാണ് നിത്യത. എന്നാൽ നാമാണെങ്കിലോ, തുടക്കവും ഒടുക്കവും ഉള്ളവരും. നമ്മുടെ തുടക്കം യഥാർഥമാണെങ്കിലും ഒടുക്കം ഒരിക്കലും യഥാർഥമല്ല. കാരണം, നമ്മുടെ ജീവിതത്തിന്റെ ഒടുക്കമെന്നു നാം വിചാരിക്കുന്നത് നിത്യതയിലേക്കുള്ള പങ്കുചേരൽ മാത്രമാണ്.**

നമ്മുടെ ചക്രവാളസീമകൾക്കപ്പുറത്തും ലോകമുണ്ട്. ആ ലോകം നിത്യതവരെ നീണ്ടുപോകുന്ന ലോകമാണ് എന്നതു നമുക്കു മറക്കാതിരിക്കാം. അതുപോലെ, നിത്യതയിൽ അലിഞ്ഞുചേരേണ്ട ജീവിതമാണ് നമ്മുടേതെന്നും നമുക്കോർമിക്കാം. അതനുസരിച്ച് നമ്മുടെ ജീവിതത്തെ നമുക്കു ക്രമീകരിക്കാം. നിത്യതയിലേക്കു കണ്ണുംനട്ട് ചിത്രം വരച്ച അപ്പെല്ലസിനെപ്പോലെ നിത്യതയെ ലക്ഷ്യമാക്കി നമ്മുടെ ജീവിതചിത്രത്തിന്റെ കാൻവാസിൽ നമുക്ക് നിറക്കൂട്ടുകൾ ചേർക്കാം. അപ്പോൾ നമ്മുടെ ജീവിതത്തെക്കുറിച്ച് ഇന്നുമെന്നും നമുക്ക് സന്തോഷിക്കാനാവും. തുടക്കവും ഒടുക്കവുമില്ലാത്തതാണ് നിത്യത. എന്നാൽ നാമാണെങ്കിലോ, തുടക്കവും ഒടുക്കവും ഉള്ളവരും. നമ്മുടെ തുടക്കം യഥാർഥമാണെങ്കിലും ഒടുക്കം ഒരിക്കലും യഥാർഥമല്ല. കാരണം, നമ്മുടെ ജീവിതത്തിന്റെ ഒടുക്കമെന്നു നാം വിചാരിക്കുന്നത് നിത്യതയിലേക്കുള്ള പങ്കുചേരൽ മാത്രമാണ്. നിത്യതയിലേക്കുള്ള നമ്മുടെ പങ്കുചേരൽ സൗഭാഗ്യപ്രദമായ രീതിയിലായിരിക്കും എന്ന് ഉറപ്പുവരുത്തുവാനുള്ള ചുമതല നമ്മുടേതാണ്. അക്കാര്യം മറന്നിട്ടു നാം മറ്റെന്ത് ഓർമിച്ചാലും അതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാവില്ലെന്നതാണു വസ്തുത. ജീവിതത്തിലെ എല്ലാ കഷ്ടതകൾക്കും വിരാമം വന്ന്, ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രയാസങ്ങളോ പ്രതിസന്ധികളോ ഒന്നുമില്ലാതെ സന്തോഷം മാത്രം അനുഭവിക്കുന്ന നിത്യതയുടെ നല്ല ദിനങ്ങൾ പ്രാപിക്കുന്നതിനായി അതിനനുസരണമായ ഒരു നല്ല ക്രിസ്തീയ ജീവിതം നയിക്കുന്നതിനായി ദൈവം നമ്മെ സഹായിക്കട്ടെ.ഇന്നുള്ളതും നാളെ അഴിഞ്ഞുപോകുന്നതുമായ നമ്മുടെ ഈ ലോകജീവിതത്തെക്കാൾ നമ്മുടെ നിത്യത വിലയേറിയതായി കണ്ടുകൊണ്ട് അതിനായി നമുക്ക് കാത്തിരിക്കാം.

*(കൺവൻഷൻ പ്രഭാഷകനും, വേദാദ്ധ്യാപകനും, സഭാശുശ്രൂഷകനുമാണ് ലേഖകൻ)*





